കേരള സർക്കാർ

സാംസ്കാരിക കാര്യ (സി) വകുപ്പ്
തിരുവനന്തപുരം, 30.5.2013.

സെക്രട്ടറി

ഡയറക്ടർ
കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം.

സർ,

**വിഷയം:-** സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ കരാറടിസ്ഥാനത്തിലെ ജീവനക്കാർക്ക് ശമ്പളം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.

**സൂചന:-** 5/ 3/13/ലെ താങ്കളുടെ 2004/E3/2012/SIEP നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിലെ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ ശമ്പളം 1/1/13 മുതൽ പ്രാബല്യം നൽകി താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി 50% വർദ്ധിപ്പിക്കുവാൻ അനുമതി നൽകുന്നു.

1) വേതന വർദ്ധനവിന്മേലുള്ള അധിക ബാധ്യത പദ്ധതിയേതര വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്.
2) സർക്കാർ അനുമതി ഇല്ലാതെ കരാർ നിയമനമുൾപ്പെടെയുള്ള ഒരു നിയമനവും ഇനിമുതൽ ഭരണസമിതി നടത്താൻ പാടില്ല.
3) കരാറടിസ്ഥാനത്തിലുള്ള ചെലവുകൾക്ക് അധിക ഗ്രാന്റ് അനുവദിക്കുന്നതല്ല.
4) കരാർ ജീവനക്കാർക്ക് ബാധകമല്ലാത്ത ഒരു ആനുകൂല്യവും നൽകുവാൻ പാടുള്ളതല്ല.
5) ഇതുമായി ബന്ധപ്പെട്ട് ക്രമവിരുദ്ധമായ കണ്ടെത്തലുകൾ ഭരണസമിതിയോ എക്സിക്യൂട്ടീവ് കമ്മിറ്റിയോ പുനഃപരിശോധിക്കരുത്.
6) ആവർത്തനക്രമം അനുസരിച്ച് കരാറടിസ്ഥാനത്തിൽ ജീവനക്കാരന്റെ കരാർ തീരുന്ന മുറയ്ക്ക് പുതിയ ആളിനെ നിയമിക്കേണ്ടതാണ്.
7) കരാറടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ നിയമനം താൽക്കാലികം മാത്രമാണെന്നും സ്ഥിരനിയമനമല്ലായെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പി.ജി. ഉണ്ണികൃഷ്ണൻ
അണ്ടർ സെക്രട്ടറി
സെക്രട്ടറിക്കു വേണ്ടി

അംഗീകാര ത്തോടെ,

Sheela M

സെക്ഷൻ ഓഫീസർ.